# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5217 | | 15.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| എറണാകുളം ജില്ലയിലെ മാലിന്യനിക്ഷേപം തടയുന്നതിന് നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.ടി. തോമസ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | എറണാകുളം ജില്ലയിലെ പല ഭാഗങ്ങളിലും അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | അനധികൃതമായ മാലിന്യനിക്ഷേപം തടയുന്നതിന് എറണാകുളം ജില്ലയിൽ ഉൾപ്പെട്ട നഗരസഭകളും ഗ്രാമപഞ്ചായത്തുകളും നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരോഗ്യപ്രവർത്തകർ കുടുംബശ്രീ പ്രവർത്തകർ എന്നിവർ മുഖേന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഗ്രാമസഭകളിലും റസിഡൻസ് അസോസിയേഷനുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമസേന മുഖാന്തരം ശേഖരിച്ച് സംഭരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽപെടുത്തി കമ്പോസ്റ്റ് പിറ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ നടപ്പിലാക്കി വരുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് ബോർഡുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കാൻ കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരോഗ്യ വിഭാഗവുമായി സഹകരിച്ച് വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നും ഫൈൻ ഈടാക്കുന്നുണ്ട്. ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിച്ച് നിരീക്ഷണം നടത്തുന്നുണ്ട്. പോലീസ് പെട്രോളിംഗ് ശക്തമാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അനധികൃതമായി മാലിന്യ നിക്ഷേപം നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>**കൊച്ചി നഗരസഭ** - മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തിയതിനെ തുടർന്ന് 3,67,020/- രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. 44,000/- രൂപ പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല<br>**ആലുവ നഗരസഭ** - അനധികൃതമായി മാലിന്യം നിക്ഷേപിച്ച 30 പേർക്ക് നോട്ടീസ് നൽകുകയും 87020/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല<br>**കോതമംഗലം നഗരസഭ** -8 പേരിൽ നിന്നും 3260/-രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്<br>**മൂവാറ്റുപുഴ നഗരസഭ-** 34 പേരിൽ നിന്നും 30100/- രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **പെരുമ്പാവൂർ നഗരസഭ -** ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>**മരട് നഗരസഭ-**3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,51,000/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.<br>**അങ്കമാലി നഗരസഭ** - പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി കണ്ടെത്തിയ 2 പേർക്കെതിരെ പിഴ ചുമത്തി നോട്ടീസ് നൽകിയിട്ടുണ്ട്.<br>**ഏലൂർ നഗരസഭ-** ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>**തൃക്കാക്കര നഗരസഭ** - ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>**കളമശ്ശേരി നഗരസഭ** - 43 പേർക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.<br>**നോർത്ത് പറവൂർ നഗരസഭ** - 2019 വർഷത്തിൽ 26 പേരിൽ നിന്ന് 57180/-രൂപ അനധികൃതമായി മാലിന്യം നിക്ഷേപിച്ചതിൽ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.<br>**പിറവം നഗരസഭ** – മാലിന്യം നിക്ഷേപിച്ച ഇരുപത്തിയഞ്ച് പേർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 8000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.<br>**തൃപ്പൂണിത്തുറ നഗരസഭ** - മാലിന്യം വലിച്ചെറിഞ്ഞവരിൽ നിന്നും നാളിതുവരെ 1,86,000/-രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല<br>**ചൂർണിക്കര ഗ്രാമപഞ്ചായത്ത്** - രണ്ടുപേർക്കെതിരെ 4000 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്<br>**കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്** - റോഡരികിൽ മാലിന്യം നിക്ഷേപിച്ചതിന് ഒരാളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്.<br>**കാലടി ഗ്രാമപഞ്ചായത്ത്** - മൂന്ന് പേർക്കെതിരെ 7000 രൂപ പിഴ ചുമത്തിയിട്ടുണ്ട്<br>**കുവപ്പടി ഗ്രാമപഞ്ചായത്ത്** - നിലവിൽ രണ്ടു പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്<br>**മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്** - നിലവിൽ മൂന്നു പേരിൽ നിന്നും ഈടാക്കിയിട്ടുണ്ട്<br>**മുളവുകാട് ഗ്രാമപഞ്ചായത്ത്** - ഒരാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.500 രൂപ ഈടാക്കിയിട്ടുണ്ട്<br>**നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് -** ഒരു കേസ് രജിസ്റ്റർ ചെയ്തു നടപടി തുടർന്നുവരുന്നു<br>**പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്** - ഒരാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കക്കൂസ് മാലിന്യം പാടത്തേക്ക് ഒഴുക്കിയതിനെ തുടർന്ന് അന്യ സംസ്ഥാനക്കാർക്ക് വാടകയ്ക്ക് നൽകിയിരുന്ന കെട്ടിടം സീൽ ചെയ്തു<br>**പാമ്പാക്കുട ഗ്രാമപഞ്ചായത്ത്** - ഒരാൾക്കെതിരെ രണ്ട് കേസിൽ 10000/- രൂപ 20000/- രൂപ വീതം പിഴ ഈടാക്കി<br>**വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്** - രണ്ടുപേരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്.<br>**വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്** -മാലിന്യം കത്തിച്ചവരിൽ നിന്നും 5000 രൂപ പിഴ ഈടാക്കി<br>**കുന്നുകര ഗ്രാമപഞ്ചായത്ത്** - മൂന്നുപേരിൽ നിന്നും 3000 രൂപ പിഴ ഈടാക്കി |

സെക്ഷൻ ഓഫീസർ